**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3363** **04-08-2021 - ൽ മറുപടിയ്ക്ക്**

**വെഞ്ഞാറമൂട് ആധുനിക മത്സ്യമാർക്കറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | 2011-2016 സർക്കാരിന്റെ അവസാന ഘട്ടത്തിൽ ഉദ്ഘാടനം ചെയ്യപ്പെട്ട വെഞ്ഞാറമൂട് ആധുനിക മത്സ്യമാർക്കറ്റിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ; | (എ) | 2011-2016 സർക്കാരിന്റെ അവസാന ഘട്ടത്തിൽ ഉദ്ഘാടനം ചെയ്യപ്പെട്ട നെല്ലനാട് ഗ്രാമ പഞ്ചായത്തിലെ വെഞ്ഞാറമൂട് മാർക്കറ്റിൽ സ്ഥാപിച്ചിട്ടുള്ള ആധുനിക മത്സ്യ മാർക്കറ്റ് നിർമ്മാണത്തിന് വേണ്ട അടിസ്ഥാന സൗകര്യത്തിലുള്ള അപര്യാപ്തത മൂലമാണ് തുറന്ന് പ്രവർത്തിപ്പിക്കുവാൻ കഴിയാത്തത്. |
| (ബി) | തദ്ദേശ സ്വയംഭരണ വകുപ്പിന് കൈമാറി ലഭിച്ച ശേഷം നാളിതുവരെ പ്രസ്തുത മാർക്കറ്റ് തുറന്ന് പ്രവർത്തിപ്പിക്കുവാൻ കഴിയാത്ത സാഹചര്യം വ്യക്തമാക്കുമോ; ഇതിന് കാരണക്കാർ ആരെല്ലാമെന്ന് പരിശോധിച്ച് അറിയിക്കാമോ? | (ബി) | പ്രസ്തുത മാർക്കറ്റ് കെട്ടിടത്തിന്റെ നിർമ്മാണ വൈകല്യം മൂലമാണ് മാർക്കറ്റ് തുറന്ന് പ്രവർത്തിക്കാൻ കഴിയാത്തത്. ഫ്രീസറിനോട് അനുബന്ധിച്ച് ജനറേറ്റർ സ്ഥാപിച്ചിട്ടുണ്ടായിരുന്നില്ല. മാലിന്യ സംസ്കരണ പ്ലാന്റ് പ്രവർത്തന ക്ഷമമല്ല. മാർക്കറ്റ് പ്രവർത്തനക്ഷമമാക്കുന്നതിനായി നെല്ലനാട് ഗ്രാമപഞ്ചായത്ത് കമ്മിറ്റി 2021-22 സാമ്പത്തിക വർഷം മാർക്കറ്റ് നവീകരണത്തിനായി 10,00,000/- രൂപയും ജനറേറ്റർ വാങ്ങുന്നതിനായി 6,49,000/- രൂപയും, മിനി ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനായി 2,00,000/- രൂപയും വകയിരുത്തിയിട്ടുണ്ട്. പ്രോജക്ടിന് ജില്ലാ പ്ലാനിംഗ് സമിതി അംഗീകാരം ലഭിച്ചിട്ടുണ്ട്. ടെൻഡർ നടപടി നടന്നു വരുന്നു. തിരുവനന്തപുരം ജില്ലാ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ കേരള സംസ്ഥാന കോസ്റ്റൽ ഏരിയ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെ.എസ്.സി.എ.ഡി.സി. ലിമിറ്റഡ്) ആണ് നിർമ്മാണം നടത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ